(സി) ഓൺലൈൻ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികത നൽകിയും സംസ്ഥാനമൊട്ടാകെ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയും സർക്കാർ ഉത്തരവായിട്ടുണ്ട്. 20 കോടി രൂപ ചെലവിൽ ലാന്റ് റവന്യൂ വകുപ്പിൽ ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ മുഖേന നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇ-ഗവേണൻസിന്റെ മോണിറ്ററിംഗിനായി ജില്ലാതലത്തിൽ ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റികളും ജില്ലാ ഐ.റ്റി. സെല്ലുകളും സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ഐ.റ്റി. സെല്ലും പ്രവർത്തിക്കുന്നുണ്ട്. ഇ-ഗവേണൻസ് പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനായി റവന്യൂ വകുപ്പിൽ വെർച്വൽ ഐ.റ്റി. കേഡറും രൂപീകരിച്ചിട്ടുണ്ട്.

മിനി സിവിൽ സ്റ്റേഷൻ

145 (1222) ശ്രീ. സി .കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ ഉദ്ഘാടനം ചെയ്ത മിനി സിവിൽ സ്റ്റേഷനിൽ ഏതെല്ലാം ഓഫീസുകൾക്ക് മുറികൾ അനുവദിച്ചിട്ടുണ്ടെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണവും വ്യക്തമാക്കുമോ?

ഉത്തരം

പയ്യന്നൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ ഇറിഗേഷൻ സെക്ഷൻ, പയ്യന്നൂർ, എക്സൈസ് ഓഫീസ്, ലേബർ ഓഫീസ്, ലാന്റ് ട്രൈബ്യൂണൽ ഓഫീസ്, കൊമേഴ്സ്യൽ ടാക്സ് ഓഫീസ്, ഫുഡ് & സേഫ്റ്റി ഓഫീസ്, ശിശു വികസന ഓഫീസ്, റീ-സർവ്വേ ഓഫീസ്, അഗ്രിക്കൾച്ചർ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, വി.എച്ച്.എസ്. അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് എന്നീ ഓഫീസുകൾക്കുവേണ്ടി മുറികൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. മിനി സിവിൽ സ്റ്റേഷൻ കെട്ടിടം പൊതുമരാമത്ത് വകുപ്പിൽനിന്നും റവന്യൂ വകുപ്പിന് കൈമാറി കിട്ടാത്തതുകൊണ്ടും വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്തതുകൊണ്ടുമാണ് കെട്ടിടം വിവിധ ഓഫീസുകൾക്ക് അനുവദിക്കുവാൻ കഴിയാത്തത്.

ഭൂമി പതിച്ചുനൽകൽ

146 (1223) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജൂൺ ഒന്നിന് മുമ്പ് ഭൂമി കൈവശംവച്ച് വരുന്നതായി അവകാശപ്പെട്ടുകൊണ്ട് ഭൂമി പതിച്ചു നൽകണമെന്നാവശ്യപ്പെട്ട് റവന്യൂ വകുപ്പിന് ലഭിച്ച അപേക്ഷകൾ എത്ര ; ജില്ല തിരിച്ച് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly